(ഡി) റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും അറിയിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ഇത് കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടിയെടുത്തുവരുന്നു. വകുപ്പിൽ ഇന്റേണൽ ഡിപ്പാർട്ട്മെന്റ് വിജിലൻസും പ്രവർത്തിക്കുന്നുണ്ട്.

ശബരിമല റോഡുകളിലെ സിഗ്നൽ ലൈറ്റുകൾ

271 (7834) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ശബരിമലയിലെ റോഡുകളിൽ ഭക്തരുടെ സുരക്ഷയ്ക്കായി സൗരോർജ്ജംകൊണ്ട് പ്രവർത്തിക്കുന്ന സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും ഇത്തരത്തിലുള്ള എത്ര സിഗ്നൽ ലൈറ്റുകളാണ് ശബരിമല പാതയോരങ്ങളിൽ സ്ഥാപിച്ചതെന്നും അറിയിക്കുമോ ;

(ബി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ ആകെ എത്ര രൂപയാണ് ചെലവായത് : ഏതു കമ്പനിക്കായിരുന്നു സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ കരാർ നൽകിയത് ;

(സി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനുള്ള കരാറിൽനിന്നും കെൽട്രോണിനെ ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

(ഡി) സിഗ്നൽ ലൈറ്റിന്റെ ഘടകങ്ങൾ ഗുണനിലവാരമുള്ളവയാണെന്ന് സർട്ടിഫൈ ചെയ്തവയാണോ ;

(ഇ) എങ്കിൽ ഈ ലൈറ്റുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്നുള്ള പരാതിയിന്മേൽ എന്തെല്ലാം അന്വേഷണ നടപടികളാണ് സ്വീകരിച്ചതെന്നും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 2011-ൽ ശബരിമല തീർത്ഥാടനവേളയിൽ പത്തനംതിട്ട-പമ്പാ റൂട്ടിൽ 28 സ്ഥലങ്ങളിലായി 58-ഓളം സൗരോർജ്ജ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചത് കെൽട്രോൺ ആണ്. കൂടാതെ ശബരിമലയിൽ 129 സിഗ്നൽ ലൈറ്റുകൾ (വാണിംഗ് ബ്ലിംങ്കേഴ്സ്) സ്ഥാപിക്കുന്നതിലേക്കായി 2012 ൽ റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് വകുപ്പിന് 2 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2011-ൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിലേക്കായി കരാർ പ്രകാരം റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിൽനിന്നും 21,13,425 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ശബരിമലയിൽ 129 സിഗ്നൽ ലൈറ്റുകൾ (വാണിംഗ് ബ്ലിംങ്കേഴ്സ്) സ്ഥാപിക്കുന്നതിലേക്കായി 2012-ൽ റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് വകുപ്പിന് 2 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) 2011-ൽ തീർത്ഥാടനവേളയിൽ സൗരോർജ്ജ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനുള്ള കരാറിൽനിന്നും കെൽട്രോണിനെ ഒഴിവാക്കിയിട്ടില്ല. പോലീസ് വകുപ്പ് മുഖേന സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നതേയുള്ളൂ. ആയതിനാൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ഡി) അതെ.

(ഇ) പരാതികളൊന്നും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ലഭിച്ചിട്ടില്ല.

ജലഗതാഗതം ശക്തിപ്പെടുത്താൻ നടപടി

272 (7835) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഗതാഗത വകുപ്പിൻകീഴിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) ബോട്ട് സർവ്വീസ് ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഉൾനാടൻ ജലഗതാഗതം ശക്തിപ്പെടുത്തുന്നതിന് കനോലി കനാൽമുഖേനയുള്ള ബോട്ട് ഗതാഗതം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 51 ബോട്ടുകൾ.

(ബി) ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരോടൊപ്പം ടൂ വീലർകൂടി കയറ്റാവുന്ന വെഹിക്കിൾ കം പാസഞ്ചർ ബോട്ടുകൾ നിർമ്മിച്ച് ലഭ്യമായിട്ടുണ്ട്. ആയതിനാൽ ഒരു ബോട്ട് ഉപയോഗിച്ച് വൈറ്റില മുതൽ കാക്കനാട്വരെ സർവ്വീസ് നടത്തുകയും ആയതുവഴി റോഡ് ഗതാഗതത്തിലെ കുരുക്ക് ഒരു പരിധിവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. മുഹമ്മ-കുമരകം, ഇരപ്പുഴ-സൗത്ത് പറവൂർ, കൊല്ലം-കാവനാട്-കുരീപ്പുഴ-സാമ്പ്രാണികോടി എന്നീ റൂട്ടുകളിൽ വെഹിക്കിൾ-കം-പാസഞ്ചർ ഉപയോഗിച്ച് സർവ്വീസ് നടത്തുവാനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും സീ-കുട്ടനാട് എന്ന പേരിൽ അപ്പർ ഡെക്കുള്ള ബോട്ട് ടൂറിസ്റ്റ്-കം-പാസഞ്ചറായി 2 $^{1}/_{2}$ മണിക്കൂർ ഇടവിട്ട് സർവ്വീസ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly